**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1240** **04-07-2022 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് എന്ന് കരാർ നൽകിയെന്നും കരാർ കാലാവധി എന്നുവരെയുണ്ടെന്നുമുള്ള വിവരങ്ങൾ വിശദമാക്കാമോ; | (എ) | കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏഴുത്തുംപാറ പാലം പ്രവർത്തിക്ക് 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 5.96 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. 5.80 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 28.11.2020 തീയതിയിൽ മലബാർ ടെക് എന്ന കരാർ കമ്പനിക്ക് ഒരു വർഷം കാലാവധിയോട്ടു കൂടി കരാർ നൽകി. എന്നാൽ സാങ്കേതിക കാരണങ്ങളാൽ പ്രവർത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാറിൽ നിന്നും പിൻവാങ്ങിയതായി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ, പ്രവർത്തിയിൽ നിന്നും ഒഴിവാക്കി തരണമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കരാർ ഫോർക്ലോസ് ചെയ്ത് പ്രവർത്തി റീ ടെൻഡർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പ്രവർത്തി റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ